കേരള നിയമസഭാ സെക്രട്ടേറിയറ്റ്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്
## (2024-2025)

# FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025)

2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

# (ELECTRICITY, LABOUR AND LABOUR WELFARE)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

# (2024-2025)

# FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025)

403/2024.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2023-2026)

### ഘടന

<u>ചെയർമാൻ</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ - ചാർജ്ജ്

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു., അണ്ടർ സെക്രട്ടറി.

# അവതാരിക

2024-25 സാമ്പത്തികവർഷത്തെ ബജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 22, 28 എന്നീ തീയതികളിലെ യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല,സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2024 മാർച്ച് മാസം 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

തിരുവനന്തപുരം,
2024 ജൂൺ 10.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

# റിപ്പോർട്ട്

<u>ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും</u>

വോട്ടു ചെയ്തത് - 1239,76,10,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>

2230-01-001-99 — <u>നടത്തിപ്പ്</u>

വിഹിതം : 8,45,67,000 രൂപ (പദ്ധതിയേതരം)

1. ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ <u>2.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2230-01-001-98 —<u>ജില്ലാ ആഫീസുകൾ</u>

വിഹിതം : 28,43,58,000 രൂപ (പദ്ധതിയേതരം)

2. മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വിവരസാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ <u>2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2230-01-102-98—<u>പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്</u>

വിഹിതം : 4,35,62,000 രൂപ (പദ്ധതിയേതരം)

3. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)]

ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-88-10 —കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

4. കേരള അസംഘടിത തൊഴിലാളി ക്ഷേമപദ്ധതിയ്ക്ക് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 8.2155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

5. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 60.838 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-72-10 —കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്- അംശദാനം-സംഭാവന

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

6. കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 178 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

7. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും കുടിശ്ശികയും വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-59 — കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

8. കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 48.456 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-57-10 —കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന

വിഹിതം : 17,87,000 രൂപ (പദ്ധതിയേതരം)

9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് മുൻ വർഷങ്ങളിലെ കുടിശ്ശിക തുക ലഭിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.4258 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-92 —മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

10. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വ്യാവസായിക പരിശീലന വകുപ്പ്**

2230-03-001-99 —ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 11,85,96,000 രൂപ (പദ്ധതിയേതരം)

11. ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ. തുടങ്ങിയ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(01)] ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും

വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 64.5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.47 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 80.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-96 —വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : 13,00,00,000 രൂപ (പദ്ധതി )

12. വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും KASE-ന്റെ ഭരണപരമായ ചെലവുകൾ വഹിക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.371 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-89 —വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്

വിഹിതം : 1,04,08,000 രൂപ (പദ്ധതിയേതരം)

13. വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-98 —തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 30,49,000 രൂപ (പദ്ധതിയേതരം)

14. തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99— വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 207,39,57,000 രൂപ (പദ്ധതിയേതരം)

15. തൊണ്ണൂറ് ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.4 കോടി രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 13 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 19.5 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.15 കോടി രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.384 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96 —വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 30,30,31,000 രൂപ (പദ്ധതിയേതരം)

16. പതിനാല് വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.85 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 1.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 1,12,15,000 രൂപ (പദ്ധതിയേതരം)

17. വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 53,000 രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 2.39 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-70 —ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

18. ഐ.ടി.ഐ.-കളിലെ ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നീ ഐ.ടി.ഐ.-കളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് പ്രഭാത, രാത്രികാല ഭക്ഷണം നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-55 — ഉൽപ്പാദന കേന്ദ്രങ്ങൾ - പഠിക്കുമ്പോൾ സമ്പാദിക്കുക

വിഹിതം : 50,00,000 രൂപ (പദ്ധതി)

19. ഐ.ടി.ഐ.- കളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യം എന്ന പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ ഐ.ടി.ഐ.-കളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കളമശ്ശേരി, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.-കളിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99 —ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 6,31,01,000 രൂപ (പദ്ധതിയേതരം)

20. വകുപ്പിന് കീഴിലുള്ള 9 ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ.-കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-99—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-കൾ ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

21. ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ.- യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലേയ്ക്ക് ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്**

2230-01-102-99—ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

വിഹിതം : 18,32,10,000 രൂപ (പദ്ധതിയേതരം)

22. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ, ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-95—ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്-തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം :1,40,90,000 രൂപ (പദ്ധതിയേതരം)

23. ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ, ആർ. & എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)**

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

വിഹിതം : 50,00,000 രൂപ (പദ്ധതി)

24. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനും സബ് ഓഫീസുകളിലെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

25. കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.316 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-92—മൾട്ടി പർപ്പസ് ജോബ് ക്ലബുകൾ

വിഹിതം : 75,00,000 രൂപ (പദ്ധതി)

26. 2024-25 സാമ്പത്തിക വർഷം ജോബ് ക്ലബ്ബ്/MPSC യൂണിറ്റുകൾ ആരംഭിക്കുന്നപക്ഷം സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി - സബ്സിഡികൾ

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

27. ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനും പരിശീലനം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-88 —എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

28. എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവയുടെ നടത്തിപ്പിനും കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനും കരമന, പയ്യന്നൂർ എന്നിവിടങ്ങളിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5.294 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-87—നവജീവൻ

വിഹിതം : 50,00,000 രൂപ (പദ്ധതി)

29. നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-97—കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

30. കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വയംതൊഴിൽ വായ്പ നൽകുന്നതിനും വായ്പ പദ്ധതിക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-96—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

31. ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

2230-03-188-99-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളം

വിഹിതം : 25,84,000 രൂപ (പദ്ധതിയേതരം)

32. കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2230-03-188-99-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളേതരം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

33. കിലെയിലെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-188-99-36— കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം - സഹായധനം - ശമ്പളേതരം

വിഹിതം : 5,00,000 രൂപ (പദ്ധതിയേതരം)

34. കിലെയിലെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുന:സ്ഥാപിക്കുന്നതിന്**

35. കിലെയെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായും കിലെ കാമ്പസ് സ്ഥാപിക്കുന്നതിനുമായി മുൻവർഷം നിലവിലുണ്ടായിരുന്ന 2230-03-101-52 (പദ്ധതി) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഒഡെപെക്**

2230-01-103-10 —ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

36. ഒഡെപെക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ**

2230-01-101-96-06—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ - വാടക, കരം, നികുതി

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

37. വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-95-04-1—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്- യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 2,07,000 രൂപ (പദ്ധതിയേതരം)

38. വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-92-04-1 തൊഴിൽ കോടതി, കോഴിക്കോട്- യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 27,000 രൂപ (പദ്ധതിയേതരം)

39. തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,23,31,000 രൂപ (പദ്ധതിയേതരം)

40. എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.72 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05 (2)] ഇനത്തിൽ 81,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 2.32208 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 26,000 രൂപയും ഉൾപ്പെടെ ആകെ 5.11208 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-89-45 —ലേബർ കോടതി, കണ്ണൂർ-പി.ഒ.എൽ.

വിഹിതം : 62,000 രൂപ (പദ്ധതിയേതരം)

41. ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് പി.ഒ.എൽ. ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86 —വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 1,12,13,000 രൂപ (പദ്ധതിയേതരം)

42. വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1.62 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 95,000 രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 20,000 രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 51,000 രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2.01 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85 —വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 1,46,49,000 രൂപ (പദ്ധതിയേതരം)

43. പാലക്കാട് വ്യാവസായിക ട്രിബ്യൂണലിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രാബത്ത ഇനത്തിലും വിവരസാങ്കേതിക വിദ്യ ഉപകരണങ്ങളുടെ എ.എം.സി. ഇനത്തിലും വസതിയിലെയും ഓഫീസിലെയും വൈദ്യുതി ചെലവ് ഇനത്തിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 8,000 രൂപയും വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 24,000 രൂപയും ഉൾപ്പെടെ ആകെ 2.32 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XVII —വിദ്യാഭ്യാസം, കായികവിനോദം,കല, സംസ്കാരം**

**വോട്ട് ചെയ്തത് - 24481,29,72,000 രൂപ**

**ചാർജ്ജ് ചെയ്തത് - 21,00,000 രൂപ**

4202-02-105-85 —ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

44. വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ. കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ. കൾക്കും ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

**വോട്ട് ചെയ്തത് - 9667,11,27,000 രൂപ**

**ചാർജ്ജ് ചെയ്തത് - 6,85,000 രൂപ**

**ഇൻഷ്വറൻസ് മെഡിക്കൽ വിഭാഗം**

2210-01-102-99-12 —ഭരണ വിഭാഗം - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

45) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ നിയമിക്കുന്ന അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-98-99 —ഡിസ്പെൻസറികൾ -വിവരസാങ്കേതിക വിദ്യ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

46. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെ ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-98-97— ഡിസ്പെൻസറികൾ - വാഹനങ്ങളുടെ വാടക

വിഹിതം : ഇല്ല (പദ്ധതിയേതരം)

47. ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാടക വാഹനത്തിന്റെ വാടക നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96 —ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 114,14,34,000 രൂപ (പദ്ധതിയേതരം)

48. ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 18 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 25 ലക്ഷം രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 2 കോടി രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [08] ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 26.55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIX : വൈദ്യുത പദ്ധതികൾ**

**വോട്ട് ചെയ്തത് - 115,00,66,000 രൂപ**

**ചാർജ്ജ് ചെയ്തത് - ഇല്ല**

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

2801-80-101-99-33—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം - സബ്സിഡികൾ

വിഹിതം : ഇല്ല (പദ്ധതിയേതരം)

49. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1152.36 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും

യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25 ലുമായി ലഭിക്കേണ്ട തുകയായ 1.2 കോടി രൂപയും ഉൾപ്പെടെ ആകെ 1153.56 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-92 —കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : ഇല്ല (പദ്ധതിയേതരം)

50. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ വാർഷിക നഷ്ടപരിഹാരം നൽകുന്നതിന് 60 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-85 —ട്രാൻസ് ഗ്രിഡ് 2.0

വിഹിതം : ഇല്ല (പദ്ധതി)

51. ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-83—ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല (പദ്ധതി)

52. ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് ഇനത്തിൽ ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 52 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-99— നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

53. നിയമസഭ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 1.6973 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-94— നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

വിഹിതം : 31,62,00,000 രൂപ (പദ്ധതി)

54. പുതിയ ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിലും സംസ്ഥാന പദ്ധതി ഇനത്തിലും വൈദ്യുതി ബോർഡ് നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 307.8331 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4801-80-101-98 — നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

55. നിയമസഭ മണ്ഡല ആസ്തി വികസന പദ്ധതി മുഖേന സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6164 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4801-80-800-98— വിവിധ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

56. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 2.4877 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-86— ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

57. ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**

58. 6801-00-190-85 - 2.0 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ - എന്ന ശീർഷകത്തിൽ 3.34 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. പോത്തൻകോടിൽ 2 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-83 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.11 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. പേഴക്കാപ്പള്ളിയിൽ 1.20 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-82 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 7.02 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. തലക്കുളത്തൂരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-81 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 82 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. 6801-00-190-80 - 6.0 മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള വായ്പകൾ - എന്ന ശീർഷകത്തിൽ, 2.49 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

63. RGGVY-പദ്ധതിക്കായി 2801-80-101-90 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.44 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പദ്ധതിക്കായി 2801-80-101-87 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 48.3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. സംയോജിത ഊർജ്ജ വികസന പദ്ധതിക്കായി (ഐ.പി.ഡി.എസ്സ്.) 2801-80-101-86 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 59.21 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിക്കായി 4801-80-101-99 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 41.6319 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

67. ഗ്രീൻ എനർജി കോറിഡോറിനായി പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് എക്സിക്യൂട്ടിംഗ് ഏജൻസിയായ കെ.എസ്.ഇ.ബി. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക കെ.എഫ്.ഡബ്ല്യൂ. ലോൺ ആയി സംസ്ഥാന സർക്കാർ മുഖേന കെ.എസ്.ഇ.ബി.ക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 150 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. 7.5 MW, 25.16 MU ശേഷിയുള്ള പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 32.6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. 2x20 MW ശേഷിയുള്ള മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 12 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. 2x20 MW ശേഷിയുള്ള ചിന്നാർ ജലവൈദ്യുത പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. വിവിധ സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വരുത്തിയിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 3347.43 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതു ശിപാർശകൾ**

72. കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന മേഖല, സേവന മേഖല എന്നതിലുപരി അടിസ്ഥാന മേഖല കൂടിയായതിനാൽ സർക്കാരിലേക്ക് സമർപ്പിക്കുന്ന ബജറ്റ് പ്രൊപ്പോസലിന് അർഹിച്ച പരിഗണന ലഭിക്കേണ്ടത് അത്യാവശ്യമാണെന്ന് നിരീക്ഷിച്ച സമിതി വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പമെന്റ് ഉൾപ്പെടെ ഊർജ്ജ മേഖലയുടെ പുരോഗതിയ്ക്കുതകുന്ന പദ്ധതികൾക്കാവശ്യമായ തുക സർക്കാർ വിഹിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

73. കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജിനത്തിൽ വരുത്തിയിട്ടുള്ള ഭീമമായ കുടിശ്ശിക കെ.എസ്.ഇ.ബി. യുടെ നിലനിൽപ്പിന് തന്നെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശികത്തുക തവണകളായി ഒടുക്കുന്നതിനും സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്താതിരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)**

2810-00-188-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 3,41,10,000 രൂപ (പദ്ധതിയേതരം)

74. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പദ്ധതിയേതര ചെലവുകളായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.8347 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-90(06)-35—അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ-പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ -മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : 37,30,00,000 രൂപ (പദ്ധതി)

75. വിദൂരവും വൈദ്യുതി എത്തിച്ചേരാത്തതുമായ പ്രദേശങ്ങളിൽ പ്രധാനമായും പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-78—ഗ്രീൻ എനർജി ഹബ്ബ്

വിഹിതം : 80,00,000 രൂപ (പദ്ധതി)

76. ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന പൈലറ്റ് പദ്ധതികൾക്കും സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഗ്രീൻ ഹൈഡ്രജൻ ഉല്പാദന പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എനർജി മാനേജ്മെന്റ് സെന്റർ - കേരള**

2810-00-104-98-36-05—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം - സഹായധനം ശമ്പളേതരം - കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി

വിഹിതം : 4,60,00,000 രൂപ (പദ്ധതി)

77. കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയുടെ കീഴിൽ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-104-98—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 1,01,56,000 രൂപ (പദ്ധതിയേതരം)

78. എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.0644 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2024 മാർച്ച് 6.

**കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII*